പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1628 14.07.2016-ൽ മറുപടിയ്ക്ക്

# പൈക്ക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി) |

(എ) ഗ്രാമീണ മേഖലയിൽ കായിക അവസരങ്ങൾ ഉയർത്തുമായിരുന്ന പൈക്ക പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണ് ;

(എ) കേന്ദ്രാവിഷ്കൃത കായികപദ്ധതിയായ പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ (പൈക്ക) 01.04.2014 മുതൽ "രാജീവ് ഗാന്ധി ഖേൽ-അഭിയാൻ" (RGKA) എന്നും 2016-17 സാമ്പത്തിക വർഷം മുതൽ "Khelo-India-National Programme for Development of Sports" എന്നും പുന:നാമകരണം ചെയ്തിരിക്കുന്നു.

(ബി) പൈക്ക പദ്ധതി നടപ്പാക്കുന്നതിനായി േ കന്ദ്ര സർക്കാർ ഓരോ വർഷവും എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചിരുന്നത് ; സംസ്ഥാന സർക്കാർ എത്ര തുക വീതമാണ് അനുവദിക്കേണ്ടിയിരുന്നത് ; ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ് ; എന്നുമുതലാണ് ഈ തുക ലഭ്യമായിട്ടുള്ളത് ;

(ബി) 2008-09, 2009-10, 2010-11, 2011-12 വർഷങ്ങളിൽ പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾക്കായി ഇതുവരെ ലഭിച്ച കേന്ദ്ര വിഹിതം സംബന്ധിച്ച കണക്ക് താഴെ ചേർക്കുന്നു.

| | One Time Capital Grant | Annual Acquisition Grant (AAG) | Annual Operational Grant (AOG) |
|---|---|---|---|
| | ലഭിച്ചത് | ലഭിച്ചത് | ലഭിച്ചത് |
| 2008-09 | 6.56 കോടി രൂപ | 0.23 കോടി രൂപ | 0.28 കോടി രൂപ |
| 2009-10 | 5.20 കോടി രൂപ | 0.23 കോടി രൂപ | 0.28 കോടി രൂപ |
| 2010-11 | 4.87 കോടി രൂപ | 0.23 കോടി രൂപ | 0.28 കോടി രൂപ |
| 2011-12 | 4.48 കോടി രൂപ | 0.23 കോടി രൂപ | 0.28 കോടി രൂപ |
| ആകെ | 21.11 കോടി രൂപ | 0.92 കോടി രൂപ | 1.12 കോടി രൂപ |

| സംസ്ഥാന സർക്കാർ അനുവദിയ്ക്കേണ്ടിയിരുന്ന തുക | | സംസ്ഥാന സർക്കാർ അനുവദിച്ച തുക |
|---|---|---|
| 2008-09 | 3,89,40,000/- രൂപ | 3,89,40,000/ രൂപ |
| 2009-10 | | |
| 2010-11 | 1,62,42,500/- രൂപ | 1,62,42,500/- |

| | | |
|---|---|---|
| | | രൂപ |
| 2011-12 | 1,49,35,000/- രൂപ | 1,49,35,000/- രൂപ |
| കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലാണ് ഈ പദ്ധതിയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസി. പദ്ധതി പ്രകാരം പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന പൈക്ക സെന്ററുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന ചുമതല അതത് പഞ്ചായത്തുകൾക്കാണ്. 2009-10 സാമ്പത്തിക വർഷം മുതലാണ് ടി തുക ലഭിച്ചു തുടങ്ങിയത്. | | |

(സി)

പൈക്ക പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് : ഓരോന്നിന്റേയും വിശദാംശങ്ങളും ഇതിനായി ചെലവഴിച്ച തുകയും വർഷം തിരിച്ചു വിശദമാക്കാമോ ?

(സി)

ഗ്രാമപ്രദേശങ്ങളിലെ യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സ് സംബന്ധിച്ച ആഭിമുഖ്യം വളർത്തി രാജ്യത്ത് കായിക അടിത്തറ വർദ്ധിപ്പിക്കുകയും അതുവഴി കൂടുതൽ കായിക താരങ്ങളെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് "പൈക്ക" എന്നറിയപ്പെടുന്ന പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാൻ.

പൈക്ക പദ്ധതി പ്രകാരം ഫുട്ബോൾ കോർട്ട് (പോസ്റ്റ്, നെറ്റ് ഉൾപ്പെടെ) വോളീബോൾ കോർട്ട് (പോസ്റ്റ്, നെറ്റ് ഉൾപ്പെടെ), ബാസ്ക്കറ്റ് ബോൾ കോർട്ട് (ബോർഡ്, പോസ്റ്റ് ഉൾപ്പെടെ) അത്‌ലറ്റിക്സ് (ട്രാക്ക്, ലോങ്ജംപ് പിറ്റ് (സാധാരണയോ സിന്തറ്റിക്കോ ആകാം), ഹൈജമ്പ് പിറ്റ് സാധാരണയോ സിന്തറ്റിക്കോ ആകാം, ഖോ-ഖോ കോർട്ട് (പോസ്റ്റ് സഹിതം), കബഡി കോർട്ട് (സിന്തറ്റിക്കുമാകാം) മേൽ പറഞ്ഞ ആവശ്യങ്ങൾക്കു വേണ്ട ഭൂമി നിരപ്പാക്കൽ, ഡ്രയിനേജ് സംവിധാനം ഒരുക്കൽ, കളിസ്ഥലത്തിനു ചുറ്റും റീടെയിനിംഗ് വാൾ നിർമ്മിയ്ക്കൽ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, ടോയ്‌ലറ്റ് സംവിധാനം തുടങ്ങിയ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത്.

ഇപ്രകാരം പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തിയ കേരളത്തിലെ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് കളിസ്ഥല നിർമ്മാണ വികസന പ്രവർത്തന ങ്ങൾക്കായി അനുവദിച്ചു നൽകിയ ഗ്രാന്റിന്റെ വിശദവിവരങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2009-10 | 2,11,05,134/- രൂപ |
| 2010-11 | 6,59,20,233/- രൂപ |
| 2011-12 | 5,58,04,204/- രൂപ |
| 2012-13 | 2,59,61,651/- രൂപ |
| 2013-14 | 4,38,14,705/- രൂപ |
| 2014-15 | 4,51,95,550/- രൂപ |
| 2015-16 | 56,06,768/- രൂപ (Subject to Audit) |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതിക്കായി അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുക; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; തുക വകമാറ്റിയതുമൂലം കായിക താരങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന സമ്മാനത്തുക ഉൾപ്പെടെയുള്ള ഏതെങ്കിലും പദ്ധതികൾ മുടങ്ങിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ഡി) | ഉണ്ട്. 2 കോടി രൂപ, 2013-14 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നോൺ പ്ലാൻ ഫണ്ടിൽ തുക ലഭ്യമല്ലാത്ത സാഹചര്യത്തിൽ കൗൺസിൽ ജീവനക്കാർക്ക് വേതനം നൽകുന്നതിനാണ് ടി തുക വക മാറ്റിയത്. പ്രസ്തുത തുക 2016-17 സാമ്പത്തിക വർഷത്തെ നോൺ പ്ലാൻ ഗ്രാന്റിൽ നിന്നും തിരിച്ചടയ്ക്കുന്നതും പൈക്ക പദ്ധതിയ്ക്കായി വിനിയോഗിയ്ക്കുന്നതുമാണ്. തുക വക മാറ്റിയതു മൂലം സമ്മാനതുക നൽകുന്നതുൾപ്പെടെയുള്ള പദ്ധതികൾ മുടങ്ങിയിട്ടില്ല.<br>എന്നാൽ 2014-15, 2015-16 വർഷത്തിൽ രാജിവ് ഗാന്ധി ഖേൽ അഭിയാൻ പദ്ധതിയുമായി ബന്ധപ്പെട്ട വാർഷിക കായിക മത്സരങ്ങളിലെ വിജയികൾക്കർഹമായ പ്രൈസ്മണി കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിൽ നിന്നും അനുവദിച്ചു ലഭിയ്ക്കാത്തതിനാൽ പ്രൈസ്മണി വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല. |
| (ഇ) | ഗ്രാമീണ മേഖലയിലെ കായിക സംസ്കാരത്തിന് കൂടുതൽ ഉണർവ് പകരുന്ന പൈക്ക പദ്ധതി തുടർന്നും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; ഏതൊക്കെ പ്രവർത്തനങ്ങളാണ് ഇതുവഴി ചെയ്യാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ഇ) | കേന്ദ്ര യുവജനകായിക മന്ത്രാലയം പഞ്ചായത്ത് യുവ ക്രീഡ ഓർ ഖേൽ അഭിയാൻ (പൈക്ക) പദ്ധതി 01.04.2014 മുതൽ "രാജീവ് ഗാന്ധി ഖേൽ അഭിയാൻ" (RGKA) എന്ന് പുന:നാമകരണം ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ 2016-ൽ RGKA വീണ്ടും പുന:നാമകരണം ചെയ്ത് "Kheo-India – National Programme for Development of Sports" എന്നാക്കിയിട്ടുണ്ട്.<br>ഈ പദ്ധതിയുടെ കീഴിൽ സിന്തറ്റിക് അത്‌ലറ്റിക്സ് ട്രാക്ക്, സിന്തറ്റിക് ഹോക്കി ഫീൽഡ്, സിന്തറ്റിക് ടർഫ് ഫുട്ബോൾ ഗ്രൗണ്ട്, മൾട്ടി പർപ്പസ് ഹാൾ (സൈസ് 60 മീ X 40 മീ X 12.5), സ്വിമ്മിംഗ് പൂൾ, കൺസ്ട്രക്ഷൻ ഓഫ് സ്റ്റേഡിയ കോംപ്ലക്സ് എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായും, വാർഷിക കായിക മത്സരങ്ങൾ സംഘടിപ്പിയ്ക്കുകയുമാണ് പദ്ധതിയിലെ പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ